KRLCC
KERALA REGION
LATIN CATHOLIC COUNCIL

St. Joseph's Pontifical Seminary
Carmelgiri, Aluva - 683 102, Kerala, India
Ph : 0484 2603705, Fax : 2608833
Email : krlcc@hotmail.com
www.krlcc.org

President
**Most Rev. Dr. Soosa Pakiam**
*Archbishop of Trivandrum*

General Secretary
**Fr. Francis Xavier Thannikkaparambil**
*Mob : 91 - 9746088009*

*Ref: KRLCC /Awa– 01/2019*

07/09/2019

## കെ.ആർ.എൽ.സി.സി. അവാർഡ് -2019
## നാമനിർദേശം ക്ഷണിക്കുന്നു

അഭിവന്ദ്യപിതാവേ/ബഹു.മോൺസിഞ്ഞോർ/അച്ചാ/സിസ്റ്റർ/സുഹൃത്തേ,

വിവിധ മേഖലകളിൽ മികവു തെളിയിച്ച കേരളത്തിലെ ലത്തീൻ കത്തോലിക്കാ പ്രതിഭകളെ ആദരിക്കാൻ കേരള ലത്തീൻ കത്തോലിക്കാസമൂഹത്തിന്റെ ഉന്നത നയരൂപീകരണ ഏകോപനസമിതി കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെ.ആർ.എൽ.സി.സി.) 2014 മുതൽ പ്രതിവർഷം വിവിധ അവാർഡുകൾ നല്കുന്നകാര്യം അങ്ങേക്ക് അറിവുള്ളതാണല്ലോ. അതിന്റെ വിശദവിവരങ്ങളും നാമനിർദേശപത്രികയും ഇതോടൊപ്പം അയയ്ക്കുന്നു. കെ.ആർ.എൽ.സി.സി. വെബ്സൈറ്റിലും (www.krlcc.org) സെപ്റ്റംബർ 20 മുതൽ നാമനിർദേശപത്രികയും മാർഗനിർദേശങ്ങളും ലഭ്യമാണ്. 2019-ലെ കെ.ആർ.എൽ.സി.സി. അവാർഡുകൾക്കായി അങ്ങ് നാമനിർദേശം ചെയ്യുന്ന വ്യക്തികളുടെ വിവരങ്ങൾ ഇതോടൊപ്പം വച്ചിരിക്കുന്ന ഷീറ്റുകളിൽ എഴുതി ഒപ്പിട്ട് **2019 ഒക്ടോബർ 20-ാം തീയതിക്കകം അയച്ചുതന്നു** സഹായിക്കാൻ അഭ്യർഥിക്കുന്നു. അതിനുശേഷം കിട്ടുന്നവ പരിഗണിക്കാനാവില്ല. നാമനിർദേശം ചെയ്യുന്ന വ്യക്തിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളുടെയും സഹായകരേഖകൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക. ഉദാ: സർട്ടിഫിക്കറ്റുകൾ, പ്രശംസാപത്രങ്ങൾ, പത്രകട്ടിംഗുകൾ, ഫോട്ടോകൾ ലഭിച്ചിട്ടുള്ള മറ്റ് അവാർഡുകൾ, അംഗീകാരങ്ങൾ തുടങ്ങിയവയുടെ സാക്ഷ്യങ്ങൾ എന്നിവ.

കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ അയച്ച അപേക്ഷകൾ വീണ്ടും അയയ്ക്കണമെന്നില്ല. എന്നാൽ അവരുടെ നാമനിർദേശങ്ങളോടും മറ്റു വിവരങ്ങളോടുമൊപ്പം എന്തെങ്കിലും ചേർക്കാനുണ്ടെങ്കിൽ അതു മാത്രം അയച്ചുതരാവുന്നതാണ്. ഈ നാമനിർദേശങ്ങളിൽ നിന്ന് ജൂറി തിരഞ്ഞെടുക്കുന്നവർക്കായിരിക്കും അവാർഡ്. ഇതുവരെ കെ.ആർ.എൽ.സി.സി. അവാർഡുകൾ ലഭിച്ചവരുടെ പേരുകൾ ഇതോടൊപ്പം വയ്ക്കുന്നു.നിങ്ങളുടെ നിർദേശങ്ങളിൽ ആ പേരുകൾ വീണ്ടും വരാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

സാഹിത്യ-വൈജ്ഞാനികസാഹിത്യ അവാർഡുകൾക്ക് നിർദേശിക്കുന്ന പുസ്തകങ്ങളുടെ മൂന്നു കോപ്പികൾ നേരിട്ടോ ഗ്രന്ഥകാരന്മാരോ പ്രസാധകരോ വഴിയോ കെ.ആർ.എൽ.സി.സി. ഓഫീസിൽ എത്തിച്ചുതരാനുള്ള ഉത്തരവാദിത്വം നിർദേശകർ സദയം ഏറ്റെടുക്കണം. അവാർഡുനിർണയത്തിനുള്ള വിവരങ്ങളും രേഖകളും ഫോട്ടോയും ഒപ്പം വയ്ക്കേണ്ടതാണ്.

അങ്ങയുടെ നിർദേശം രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും. അവാർഡുവിവരം പ്രഖ്യാപിക്കുംവരെ താങ്കളും അതു പരസ്യമാക്കരുത്. ഈ സദുദ്യമത്തിൽ സഹകരിക്കുന്നതിന് നന്ദി.

സ്നേഹപൂർവം,

ആർച്ച്ബിഷപ് സൂസപാക്യം
പ്രസിഡന്റ്

ഫാ. ഫ്രാൻസിസ് സേവ്യർ
ജനറൽസെക്രട്ടറി

KRLCS/Archives/KRLCC/Awa - 2019